പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 2017 07. 07. 2015 ൽ മറുപടിക്ക്

വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം

ചോദ്യം

ശ്രീ. സി.പി.മുഹമ്മദ്

" തേറമ്പിൽ രാമകൃഷ്ണൻ

" കെ.ശിവദാസൻ നായർ

" എം.എ. വാഹിദ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ വിശദമാക്കുമോ; | (എ) കെ.എസ്.ഇ.ബി യുടെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ്ബാങ്കിങ്ങിലൂടെയും, വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി ഓൺലൈനായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഉപഭോക്താക്കൾക്ക് ലഭ്യമാണ്. കൂടാതെ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. പണമടച്ചതിന്റെ വിശദാംശങ്ങൾ തത്സമയം തന്നെ ഉപഭോക്താക്കൾ നൽകിയ മൊബൈൽ നമ്പരിലോ, ഇ-മെയിൽ വിലാസത്തിലോ ലഭിക്കുന്നതിനുള്ള സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഓൺലൈൻ സംവിധാനത്തിൽ ഉപഭോക്താക്കൾക്ക് രജിസ്റ്റർ ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ കൺസ്യൂമർ നമ്പരിലേയും പണം അടയ്ക്കാനുള്ള ബില്ലുകൾ തിരഞ്ഞെടുത്ത് അവ ഓൺലൈനായി അടയ്ക്കുന്നതിനും സാധിക്കും. കൂടാതെ ഈ സംവിധാനത്തിൽ മുൻ കാലങ്ങളിലുള്ള വൈദ്യുതി ബില്ലുകളുടെ വിശദാംശങ്ങൾ, പണമടച്ചതിന്റെ വിവരങ്ങൾ, വൈദ്യുതി ഉപഭോഗം സംബന്ധിച്ച വിശദാംശങ്ങൾ എന്നിവയും ലഭ്യമാണ്. |

| | |
|---|---|
| (ബി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ? | (ബി) വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്ന സംവിധാനം നടപ്പാക്കുന്നതിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും ഉള്ള സേവനം, ആർ.എ.പി.ഡി.ആർ.പി പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകി വരുന്നു. 1912 അഥവാ 0471-2555544 എന്ന ടെലഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും. വൈദ്യുതി ബോർഡിലെ ബില്ലിംഗിനായി ഉപയോഗിക്കുന്ന സോഫ്റ്റ് വെയറിൽ വേണ്ട മാറ്റങ്ങൾ വരുത്തി എല്ലാ സെക്ഷൻ ഓഫീസുകളിലും വിന്യസിച്ചിട്ടുണ്ട്. വൈദ്യുതി ബോർഡിലെ എല്ലാ ഡിവിഷൻ ഓഫീസുകളും കേന്ദ്രീകരിച്ച മീറ്റിംഗുകൾ വിളിച്ചു കൂട്ടുകയും ഓൺലൈൻ സംവിധാനവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഈ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കിക്കൊടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വൈദ്യുതി ബോർഡ് ചെയർമാൻ വിതരണ വിഭാഗത്തിലെ ഉയർന്ന ഓഫീസർമാരുടെ യോഗം രണ്ടു തവണ വിളിച്ചുചേർക്കുകയും ഓൺലൈൻ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നതിനു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ